LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ജിഡ ഫണ്ടുപയോഗിച്ച് നടപ്പാക്കുന്ന വൈപ്പിൻ മണ്ഡലത്തിലെ എളങ്കുന്നപ്പുഴ, ഞാറയ്ക്കൽ, നായരമ്പലം പഞ്ചായത്തുകളിലെ ശുദ്ധജലവിതരണ പദ്ധതി 2015 മെയ് മാസത്തോടെയും കടമക്കുടി പഞ്ചായത്തിലെ ശുദ്ധജല വിതരണ പദ്ധതി 2015 ഏപ്രിൽ മാസത്തോടെയും പൂർത്തീകരിക്കാൻ ലക്ഷ്യമിടുന്നു. കൂടാതെ, ജിഡ ഫിഷറീസ് ഫണ്ടുപയോഗിച്ച് നടപ്പാക്കുന്ന വൈപ്പിൻ ദ്വീപിലെ എടവനക്കാട്, കുഴുപ്പിള്ളി പഞ്ചായത്തുകൾക്കുവേണ്ടിയുള്ള ശുദ്ധജലവിതരണ വിപുലീകരണ പദ്ധതി 31-12-2014-ൽ പൂർണ്ണതോതിൽ കമ്മീഷൻ ചെയ്യുന്നതിനും ലക്ഷ്യമിടുന്നു.

(ബി) വൈപ്പിൻ ദ്വീപിലെ എളങ്കുന്നപ്പുഴ, ഞാറയ്ക്കൽ, നായരമ്പലം പഞ്ചായത്തുകളിലേക്ക് മാത്രമാണ് വിതരണ ശൃംഖല സ്ഥാപിക്കുന്ന ജോലികൾക്ക് അനുമതി നൽകിയിട്ടുള്ളത്. ഇതിൽ 11 സബ്-സോണുകൾ ഉള്ളതിൽ വളപ്പ് മുതൽ ഞാറയ്ക്കൽ ആശുപത്രിപ്പടി വരെ, വൈപ്പിൻ-പള്ളിപ്പുറം റോഡിന്റെ പടിഞ്ഞാറുഭാഗത്തുവരുന്ന സോൺ-2 എ-യിൽ 20 ശതമാനം ജോലികൾ പൂർത്തീകരിക്കുവാനുണ്ട്.

(സി&ഡി) പൈപ്പുലൈനുകൾ സ്ഥാപിക്കൽ പൂർത്തീകരിച്ചുകഴിഞ്ഞ്, 18 മാസത്തെ അറ്റകുറ്റപ്പണികൾ എഗ്രിമെന്റ് പ്രകാരം കരാറുകാരന്റെ ചുമതലയിലാണ് നടത്തപ്പെടുന്നത്. അറ്റകുറ്റപ്പണികൾ പെരുമ്പാവൂർ പ്രോജക്ട് ഡിവിഷൻ ഓഫീസിന്റെ മേൽനോട്ടത്തിൽ നടത്തിവരുന്നു. 18 മാസത്തെ ഗ്യാരണ്ടി പിരീഡ് കഴിഞ്ഞ മേഖലയിലെ വിതരണശൃംഖലയുടെ അറ്റകുറ്റപ്പണിയുടെ ചുമതല ബന്ധപ്പെട്ട വാട്ടർ സപ്ലൈ ഡിവിഷനാണ്.

കട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തിയ ജലവിഭവ വകുപ്പിന്റെ പദ്ധതികൾ

168 (2723) ശ്രീ. ജി. സുധാകരൻ :
ശ്രീ. ആർ. രാജേഷ് :
ശ്രീ. എ. എം. ആരിഫ് :
ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തിയ ഏതൊക്കെ പദ്ധതികളാണ് ജലവിഭവ വകുപ്പിന്റെ കീഴിൽ ആവിഷ്കരിച്ചിരുന്നത് ; ഇതിൽ പൂർത്തിയായ പദ്ധതികൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ ;

(ബി) പ്രസ്തുത പാക്കേജ് പൂർത്തീകരിക്കാനുള്ള കാലാവധി ദീർഘിപ്പിക്കാത്തത് പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ പൂർത്തീകരിക്കുന്നതിനു തടസ്സമാകുമെന്ന് കരുതുന്നുണ്ടോ ;

(സി) പാക്കേജിൽ പ്രകാരമുള്ള പദ്ധതി സമയബന്ധിതമായി നടപ്പിലാക്കുന്നതിൽ സംസ്ഥാനത്തിന്റെ ഭാഗത്തുനിന്നുണ്ടായ വീഴ്ചകൾ എന്തൊക്കെയായിരുന്നു ; വീഴ്ച സംഭവിച്ചിട്ടുണ്ടെങ്കിൽ അവ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ) ജലവിഭവ വകുപ്പിന്റെ കീഴിൽ കട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി ചെയ്യുന്ന പ്രവൃത്തികൾ

(എ) ദൗത്യം (2.1) തണ്ണീർമുക്കം ബണ്ടിന്റെ മൂന്നാം ഘട്ടപൂർത്തീകരണവും ഉപ്പുവെള്ളനിയന്ത്രണവും ദൗത്യം (2.2) തോട്ടപ്പള്ളി സ്പിൽവേയുടേയും ലീഡിംഗ് ചാനലിന്റെയും കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള പ്രവൃത്തികൾ ദൗത്യം (2.3) സി.ഡി.ബ്ലോക്കിന്റെയും റാണി ചിത്തിര ബ്ലോക്കിന്റെയും കായൽ പ്രദേശത്തെ വെള്ളപ്പൊക്ക നിവാരണ പ്രവർത്തനങ്ങൾ ദൗത്യം (2.4) എ.സി. കനാലിന്റെ എല്ലാ പ്രളയ-ജല-നിർഗ്ഗമന തടസ്സങ്ങളും നീക്കം ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ ദൗത്യം (2.1.6) തണ്ണീർമുക്കം ബണ്ടിന്റെ പ്രവർത്തനവും കായൽ പരിസ്ഥിതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളെ കുറിച്ചുള്ള പഠനങ്ങൾ

ദൗത്യം (ബി)

1. കെ.ഇ.എൽ.-1 കട്ടനാട് പ്രദേശത്തെ ഗ്രൂപ്പ് 1-ലെ 14 പാടശേഖരങ്ങളുടെ വെള്ളപ്പൊക്ക നിവാരണ പ്രവൃത്തികൾ

2. കെ.ഇ.എൽ.-2 കട്ടനാട് പ്രദേശത്തെ 4 പാടശേഖരങ്ങളിലെയും ഗ്രൂപ്പ് 9-ലെ 5 പാടശേഖരങ്ങളിലെയും വെള്ളപ്പൊക്ക നിവാരണ പ്രവർത്തനങ്ങൾ (ദൗത്യം 2.3-ലെ പ്രവൃത്തികൾ ഉൾപ്പെടെ.)

3. കെ.ഇ.എൽ.-3 കട്ടനാട് പ്രദേശത്തെ ഫേസ്-1 231 പാടശേഖരങ്ങളിലെ വെള്ളപ്പൊക്ക നിവാരണ പ്രവർത്തനങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

4. കട്ടനാട് താലൂക്ക്: കുട്ടനാട് താലൂക്കിലെ 397 പാടശേഖരങ്ങളുടെയും വീയപുരം പഞ്ചായത്തിലെ 15 പാടശേഖരങ്ങളുടെയും വെള്ളപ്പൊക്ക നിവാരണ പ്രവർത്തനങ്ങൾ.

(8.1) കെ.ഇ.എൽ.-4 ഓണാട്ടുകര പ്രദേശത്തെ വാട്ടർ ഷെഡുകളുടെ പുനർ നിർമ്മാണവും ഇറവൂർ, പട്ടണക്കാട് പഞ്ചായത്തുകളിലെ തോടുകളുടെയും കാനകളുടെയും പൂർത്തീകരണത്തിനും

(8.1.7) കരിയാർ നദിക്കുകുറുകെ ഓരുമുട്ടുനിർമ്മാണം.

മേൽ വിവരിച്ച പ്രവൃത്തികളിൽ ദൗത്യം (8.1.7) കരിയാർ നദിക്കുകുറുകെ ഓരുമുട്ടു നിർമ്മാണം പൂർത്തികരിച്ചു

(ബി) സമയപരിധി കഴിഞ്ഞ കെ.ഇ.എൽ.-1, കെ.ഇ.എൽ.-2, കെ.ഇ.എൽ.-3, കെ.ഇ.എൽ.-4 എന്നീ പദ്ധതികളുടെ സമയ പരിധി ഇപ്പോൾ നീട്ടിക്കിട്ടിയിട്ടുണ്ട്.

(സി) കുട്ടനാട് പാക്കേജ് കേന്ദ്ര സർക്കാർ 2008 ജൂലൈ 24-ന് തത്വത്തിൽ അംഗീകരിച്ചെങ്കിലും വിവിധ സ്കീമുകളുടെ ഡീറ്റയിൽഡ് പ്രോജക്ട് റിപ്പോർട്ടിന് അംഗീകാരം ലഭിച്ച് പ്രവൃത്തികൾ ടെണ്ടർ ചെയ്യുന്നതിന് കാലതാമസം നേരിട്ടു... മാത്രമല്ല എഗ്രിമെന്റ് വച്ച് തുടങ്ങിയ പ്രവർത്തികൾക്ക് അവിചാരിതമായ പല— തടസ്സങ്ങളും പദ്ധതി പ്രദേശത്ത് അഭിമുഖീകരിക്കേണ്ടിവന്നു. അംഗീകരിച്ച— പദ്ധതികളുടെ ടെണ്ടർ ക്ഷണിച്ചെങ്കിലും കൂടിയ നിരക്കുകൾ കാട്ട് ചെയ്തതിനാലും സിംഗിൾ ടെണ്ടർ ആയതിനാലും വീണ്ടും ടെണ്ടർ ചെയ്യേണ്ടിവന്നു. കൂടാതെ കോൺട്രാക്ടർമാരുടെ പ്രതികരണം ഇല്ലായിരുന്ന പല പ്രവൃത്തികളും ചെറിയ— യൂണിറ്റുകളായി തിരിച്ച് സാങ്കേതിക അനുമതി നൽകി രണ്ടും മൂന്നും പ്രാവശ്യം ടെണ്ടർ ചെയ്യേണ്ടിവന്നു. അതുകൊണ്ട് നിശ്ചിത കാലാവധിക്കുള്ളിൽത്തന്നെ പദ്ധതി നടപ്പാക്കുന്നതിൽ കാലതാമസം നേരിട്ടിട്ടുണ്ട്. അവ പരിഹരിക്കുന്നതിന് സ്വീകരിച്ചിരിക്കുന്ന നടപടികൾ താഴെ പറയുന്നു :

ജലസേചന വകുപ്പ് ഏറ്റെടുത്ത് നടത്തുന്ന കുട്ടനാട് പാക്കേജിൽ ഉൾപ്പെട്ട

<u>കെ.ഇ.എൽ.-1</u>

സ്കീമിലെ 14 പ്രവൃത്തികളിൽ 8 എണ്ണം പൂർത്തികരിച്ചുകഴിഞ്ഞു. അവശേഷിക്കുന്ന പ്രവൃത്തികളിൽ രണ്ടെണ്ണം തീർന്നുകൊണ്ടിരിക്കുന്നു. 4 എണ്ണം ടെർമിനേറ്റ് ചെയ്ത് നീട്ടിക്കിട്ടിയ സമയപരിധിക്കുള്ളിൽ പൂർത്തീകരിക്കുവാൻ വേണ്ട ക്രമീകരണങ്ങൾ ചെയ്തുകഴിഞ്ഞിട്ടുണ്ട്.

കെ.ഇ.എൽ.-2

ഈ സ്കീമിൽ ഉൾപ്പെട്ട 3 പ്രവൃത്തികളിൽ പുരോഗതി മോശമായിട്ടുള്ള ഒരെണ്ണം ത്വരിതപ്പെടുത്തുന്നതിന് പാടശേഖര സമിതികളുടെ മീറ്റിംഗുകൾ വിളിച്ചുകൂട്ടി എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് ദീർഘിപ്പിച്ച സമയപരിധിക്കുള്ളിൽ പൂർത്തീകരിക്കുവാൻ വേണ്ട നടപടികൾ കൈക്കൊണ്ടിരിക്കുന്നു.

കെ.ഇ.എൽ.-3

379.09 കോടി രൂപ ഇൻവെസ്റ്റ്മെന്റ് ക്ലിയറൻസുള്ള ഈ സ്കീമിന് എംപവേർഡ് ക്ലിയറൻസ് 106.13 കോടി രൂപയ്ക്ക് മാത്രമേ കിട്ടിയുള്ളൂ. ഇതിൻപ്രകാരം കരാറിലുള്ള പ്രവൃത്തികൾ ഈ സമയ പരിധിക്കുള്ളിൽ തീർക്കാവുന്നതാണ്.

കെ.ഇ.എൽ.-4

ഈ സ്കീമിൽ ഉൾപ്പെട്ട 12 വാട്ടർ ഷെഡിന്റെയും ടെണ്ടർ നടപടികൾ നടന്നുകൊണ്ടിരിക്കുകയാണ്. 8 പ്രവൃത്തികളുടെ ടെണ്ടറുകൾ സർക്കാർ പരിഗണനയിലാണ്. ടെണ്ടറുകൾക്ക് പ്രതികരണമില്ലാത്ത പ്രവൃത്തികൾ ചെറിയ ചെറിയ പ്രവൃത്തികളാക്കി ടെണ്ടർ ചെയ്യും. അപ്രകാരം ടെണ്ടർ ക്ഷണിച്ചവയിൽ 3 പ്രവൃത്തികൾ ഇപ്പോൾ പുരോഗമിച്ചു കൊണ്ടിരിക്കുന്നു.

രണ്ടാംവിള നെൽകൃഷിക്ക് വെള്ളം തുറന്നുവിടണമെന്നതും കനാലുകൾ അറ്റകുറ്റപ്പണി നടത്താത്തതും സംബന്ധിച്ച്

169 (2724) ശ്രീ. എം ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിലെ രണ്ടാം വിളനെൽകൃഷിക്ക് വെള്ളം തുറന്നു വിടണമെന്ന കർഷകരുടെ ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) മലമ്പുഴ, വാളയാർ, കാഞ്ഞിരപ്പുഴ മംഗലം ഡാം മുതലായ ജലസേചന പദ്ധതികളിൽ നിന്നും രണ്ടാം വിളയ്ക്കാവശ്യമായ വെള്ളം എന്ന് തുറന്നുവിടും ; വിശദാംശം ലഭ്യമാക്കാമോ ;

(സി) രണ്ടാം വിളയ്ക്ക് വെള്ളം തുറന്ന് വിടുന്നതിനായി എന്തെല്ലാം മുന്നൊരുക്കങ്ങൾ ആണ് സാധാരണയായി നടത്തി വരാറുള്ളത് ;

LIBRARY ARCHIVES Kerala Legislative Assembly